LIBRARY ARCHIVES Kerala Legislative Assembly

തീരദേശത്ത് പുലിമുട്ട് നിർമ്മിക്കാൻ നടപടി

87 [2807] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കശ്ശേരി തുറമുഖം നിലവിൽ വന്നതിനുശേഷം പരിസരത്തെ ഇരവിപുരം-താന്നി-പരവൂർ പ്രദേശങ്ങൾ കടൽ ആക്രമണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാനുള്ള നടപടി കൈക്കൊള്ളുമോ;

(ബി) ഈ പ്രദേശത്ത് പുലിമുട്ട് സ്ഥാപിക്കാനുള്ള പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പഠനം നടത്തുന്നതാണ്.

പരവൂരിലെ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം

88 [2808] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂരിലെ നിർദ്ദിഷ്ട ഫിഷ് ലാന്റിംഗ് സെന്റിന്റെ നിർമ്മാണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പരവൂരിൽ ഒരു മത്സ്യബന്ധന കേന്ദ്രം നിർമ്മിക്കുന്നതിനായി 52 സെന്റ് സ്ഥലം പൊന്നും വിലയ്ക്കെടുത്ത് ചുറ്റുമതിൽ കെട്ടുകയും ഓഫീസ് കെട്ടിടം നിർമ്മിക്കുകയും ചെയ്തു. എന്നാൽ ഈ ലാന്റിംഗ് സെന്റർ തങ്കശ്ശേരി തുറമുഖ പരിധിയിൽ വരുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്ന് നടത്തിയിട്ടില്ല.

(ബി) എത്രയും വേഗം തുടങ്ങുന്നതിന് നടപടി എടുക്കും.

നീണ്ടകര ഫിഷിംഗ് ഹാർബറിലെ പുലിമുട്ടിൽ അടിഞ്ഞ് കൂടിയിരിക്കുന്ന മണ്ണ് നീക്കം ചെയ്യാൻ നടപടി

89 [2809] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ടകര ഫിഷിംഗ് ഹാർബറിലെ പുലിമുട്ടിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണ് നീക്കം ചെയ്യാത്തതുമൂലം മത്സ്യബന്ധനത്തിന് അസൗകര്യങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) പുലിമുട്ടിന്റെ സമീപത്തായി മണ്ണടിഞ്ഞിട്ടുള്ളതിനാൽ മത്സ്യബന്ധനത്തിന് പൊതുവിൽ അസൗകര്യങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി ആന്റ് സി) ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് നടത്തേണ്ടതുണ്ട്.

ഊന്നിവല മത്സ്യബന്ധന തൊഴിലാളി സംഘടനകളുടെ നിവേദനം

90 [2810] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മുതൽ കാസർഗോഡ് വരെ ഊന്നിവല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രസ്തുത മേഖലയിലെ തൊഴിലാളി സംഘടനകളുടെ നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വർഷംതോറും ലൈസൻസ് പുതുക്കുന്നതിനു പകരം തിരു-കൊച്ചി മേഖലകളിലെപോലെ ഊന്നിവല മലബാറിലെ (തൃശ്ശൂർ മുതൽ കാസർഗോഡ് വരെ) തൊഴിലാളികൾക്ക് പതിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമഗ്ര ഫിഷറീസ് നിയമം പാസാകുന്നതുവരെ വാർഷിക ലൈസൻസ് അനുവദിക്കുന്നതിനു മാത്രമേ സാധിക്കുകയുള്ളു.

ഇരവിപുരം ഫിഷർമെൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നല്കാൻ നടപടി

91 [2811] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം ഫിഷർമെൻ കോളനിയിൽ വർഷങ്ങളായി താമസിച്ചുവരുന്ന, സ്ഥിരതാമസക്കാർക്ക് പട്ടയം നല്കിയിട്ടുണ്ടോ;

(ബി) പട്ടയം നല്കുന്നതിന് കൊല്ലം ജില്ലാ കളക്ടർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടും നടപ്പാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly